ഹൈക്കോടതിയുടെ ആർഡർപ്രകാരം പ്രവേശനംകൊടുത്ത കൊല്ലം കമ്മലറാണി ടെയിനിംഗ് കോളേജിലെയും തിരുവനന്തപുരം മാർതിയോഫിലോസ് ടെയിനിംഗ് കോളേജിലെയും വിദ്യാർത്ഥികളുടെ പരീക്ഷാഫലം തടഞ്ഞുവച്ചുകൊണ്ടുള്ള കേരള യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിന്റെ നടപടി നിമിത്തം വിദ്യാർത്ഥികൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകളെപ്പറ്റി വിവരിക്കുന്നതിനു് ശ്രീ. കെ. എം. ജോർജ്ജ് ഒരു നോട്ടീസ് തന്നിട്ടുണ്ടു്.

ഗ്വാളിയാർ റയോൺസിന്റെ പ്ലാന്റേഷൻ വിഭാഗത്തിൽ കഴിഞ്ഞ എത്രയോ ദിവസങ്ങളായി നടന്നുവരുന്ന പ്രകടനങ്ങളും പിക്കറ്റിംഗും നിമിത്തം ആഫീസർമാരും അവരുടെ കുടുംബാംഗങ്ങളും അനുഭവിക്കുന്ന ബുദ്ധിമുട്ടുകളെപ്പറ്റി ചർച്ച ചെയ്യുന്നതിനു് ശ്രീ. കെ. എം. ജോർജ്ജ് ഒരു നോട്ടീസ് തന്നിട്ടുണ്ടു്.

കേരളത്തിലെ പൊതുമരാമത്തു് വിഭാഗത്തിൽ പണി എടുത്തുവരുന്ന എൻ. എം. ആർ. തൊഴിലാളികൾ 1–9–1969 മുതൽ നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള പണിമുടക്കിനു പ്രേരകമായ കാര്യങ്ങൾ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പറ്റി വിശദീകരിക്കുന്നതിനു് ശ്രീ. ടി. എം. മീതിയൻ ഒരു നോട്ടീസ് തന്നിട്ടുണ്ടു്.

മലബാറിലെ പുലയ സമുദായത്തെ, മറ്റു വഴ്ക്കാരായ വിദ്യാർത്ഥികൾക്കു നൽകിവരുന്ന ആനുകൂല്യങ്ങൾ നൽകാതെ ഒഴിച്ചുനിറുത്തിക്കൊണ്ടുള്ള കണ്ണൂർ, കോഴിക്കോടു് ജില്ലാ വെൽഫെയർ ആഫീസർമാരുടെ നടപടി നിമിത്തം ഉണ്ടായിട്ടുള്ള പ്രത്യേകപരിതഃസ്ഥിതിയെപ്പറ്റി ചർച്ചചെയ്യുന്നതിനു് ശ്രീ. എം. രാമുണ്ണി നോട്ടീസ് തന്നിട്ടുണ്ടു്.

കാഞ്ഞാർ പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട ഇളം ദേശത്തു് പാപ്പു തങ്കപ്പൻ എന്ന കൊലപാതകിയെ അറസ്റ്റു ചെയ്യാൻ സാധിക്കാത്തതു നിമിത്തം ജനങ്ങൾ അനുഭവിക്കുന്ന വിഷമതകൾ പരിഹരിക്കുന്നതിനവേണ്ട നടപടികൾ എടുക്കേണ്ടതിനെപ്പറ്റി വിശദീകരിക്കുവാൻ ശ്രീ. എം. എം. തോമസ് നോട്ടീസ് തന്നിട്ടുണ്ടു്.

കോഴിക്കോടു് തിരുവണ്ണൂർ കോട്ടൺ മിൽ കഴിഞ്ഞ അഞ്ചാറു മാസമായി പൂട്ടിയിട്ടിട്ടുള്ളതിനെത്തുടർന്നു് 700–ൽ പരം തൊഴിലാളി കുടുംബങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങൾ അവസാനിപ്പിക്കുന്നതിനു് മിൽ ഉടനടി തുറന്നു പ്രവർത്തിപ്പിക്കേണ്ടതിന്റെയും, തൽക്കാല ആശ്വാസ നടപടി എന്ന നിലയിൽ അവർക്കു് ഓണത്തിനു മുൻപു് സൗജന്യ റേഷൻ കൊടുക്കേണ്ടതിന്റെയും ആവശ്യകത ഗവണ്മെന്റിന്റെ സത്വര ശ്രദ്ധയിൽപ്പെടുത്താൻ ശ്രീ. പി. എം. അബൂബേക്കർ ഒരു നോട്ടീസ് തന്നിട്ടുണ്ടു്. ഈ നോട്ടീസുകളെല്ലാം മേൽനടപടിക്കായി ബന്ധപ്പെട്ട മന്ത്രിമാർക്കു് അയച്ചുകൊടുക്കുന്നതാണു്.

5. PAPERS LAID ON THE TABLE

Revenue Minister (**Smt. K. R. Gouri**) : Sir, I lay on the Table a copy of G. O. MS. 332/69/RD dated 8th July 1969 (S. R. O. No. 301/69) issued by the Government under clause (a) of sub-section (1) of Section 9 of the Kerala Stamp Act, 1959 (17 of 1959).

Panchayats and Community Development Minister (**Shri K. Avukkaderkutty Naha Haji**) : Sir, I lay on the Table a copy of the Notification G. O. MS. No. 228/69/DD dated 21st July 1969 (S. R. O. No. 291/69) issued by the Government under sub-section (2) of Section 39 read with Section 129 of the Kerala Panchayats Act, 1960, (32 of 1960) containing amendments to the Kerala Panchayats Employees Conduct Rules, 1968.

LIBRARY ARCHIVES Kerala Legislative Assembly